# എസ്റ്റർലൈൻ (Esterline) അഴിമതിവിരുദ്ധ പ്രോഗ്രാം ചാർട്ടർ

## അഴിമതിവിരുദ്ധ പ്രോഗ്രാം സവിശേഷതകൾ

### ആമുഖം

ഞങ്ങൾ എസ്റ്റർലൈന് ബിസിനസ്സുകൾ ലഭിക്കുന്നത് ഞങ്ങളുടെ ഉത്പന്നങ്ങളുടെയും സേവനങ്ങളുടെയും ശ്രേഷ്ഠത നിമിത്തമാണ്, ഒരിക്കലും കൈക്കൂലി കൊടുത്തിട്ടോ അഴിമതി നിറഞ്ഞ മറ്റു കാര്യങ്ങൾ ചെയ്തിട്ടോ അല്ല. ഞങ്ങളുടെ അഴിമതിവിരുദ്ധ പ്രോഗ്രാം ഞങ്ങളുടെ ബിസിനസ്സ് പ്രവർത്തനങ്ങൾ ഈ തത്ത്വത്തെ പിന്തുണയ്ക്കുന്നുവെന്നു ഉറപ്പുവരുത്താൻ സഹായിക്കുക മാത്രമല്ല പൂർണമായും ആഗോളതലത്തിൽ അഴിമതിയോടു പൊരുതാൻ രൂപകൽപ്പന ചെയ്തിട്ടുള്ള വിവിധ നിയമങ്ങളോടും വ്യവസ്ഥകളോടും അടുത്ത് പറ്റിനിൽക്കുനനതുമാണ്.

### പ്രോഗ്രാമിന്റെ ഉദ്ദേശ്യം

നീതിയുക്തമായ ബിസിനസ് സമ്പ്രദായങ്ങൾ പിൻപറ്റുന്നുവെന്ന് ഉറപ്പാക്കുകയും യു.എസ്. ഫോറിൻ കറപ്ഷൻ പ്രാക്ടീസസ് ആക്ട്, യു.കെ. ബ്രൈബറി ആക്റ്റ് എന്നിവ പോലെ കൈക്കൂലി നിരോധിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും പലിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യമാണ് എസ്റ്റർലൈൻ അഴിമതിവിരുദ്ധ പരിപാടിക്കുള്ളത്. ഞങ്ങളുടെ നീതിയുക്തമായ തത്ത്വങ്ങൾക്കും ആഗോള അഴിമതിവിരുദ്ധ നിയമങ്ങൾക്കും ചേർച്ചയിൽ ബിസിനസ്സ് തീരുമാനങ്ങൾ കൈക്കൊള്ളാനാവശ്യമായ മാർഗദർശനവും വിഭവങ്ങളും എല്ലാ എസ്റ്റർലൈൻ ജീവനക്കാർക്കും നൽകാൻ ഉദ്ദേശിച്ചുള്ളതാണ് ഈ പരിപാടി. ഈ പ്രോഗ്രാമിൽ പൊതുവായ നിലവാരങ്ങൾ മാത്രമല്ല എസ്റ്റർലൈനിലുള്ള ഏതൊരാളും പിൻപറ്റേണ്ട ഏറെ വിശദമായ നയങ്ങളും അടങ്ങിയിരിക്കുന്നു. ഡയറക്ടർമാരും ജീവനക്കാരും ലംഘനം സംബന്ധിച്ചുള്ള ചോദ്യങ്ങൾ, ആശങ്കകൾ, റിപ്പോർട്ടുകൾ എന്നിവയുമായി മുന്നോട്ടു വരാൻ എസ്റ്റലൈൻ പ്രതീക്ഷിക്കുന്നു.

## പ്രോഗ്രാമിലെ ഘടകങ്ങൾ

### വിധേയത്വമെന്ന സംസ്കാരം

നീതിയുക്തമായ ബിസിനസ്സ് പെരുമാറ്റച്ചട്ടം സംബന്ധിച്ച നിലവാരങ്ങൾക്കു രൂപം കൊടുക്കാനും അവ സംബന്ധിച്ച് ആശയവിനിമയം നടത്താനുമുള്ള ഉത്തരവാദിത്വം എസ്റ്റർലൈന്റെ ഡയറക്ടർ ബോർഡിനും മുതിർന്ന മാനേജർമാർക്കുമാണ്. തങ്ങളുടെ നേതൃത്വത്തിലൂടെ മുഴു സംഘടനയിലും നീതിനിഷ്ഠമായ തീരുമാനങ്ങളുടെയും അഴിമതിവിരുദ്ധ സന്ദേശം ഉന്നമിപ്പിക്കുന്ന നിയമത്തോടുള്ള വിധേയത്വത്തിന്റെയും ഒരു സംസ്കാരം അവർ സ്ഥാപിച്ചെടുക്കാൻ പ്രതീക്ഷിക്കപ്പെടുന്നു.

കമ്പനിയിൽ നാനാ തലങ്ങളിലുമുള്ള മാനേജർമാർ തങ്ങളുടെ പ്രവർത്തനങ്ങളിലും ജീവനക്കാരും ബിസിനസ്സ് പങ്കാളികളുമായുള്ള ആശയവിനിമയങ്ങളിലും നീതിയുക്തമായി പെരുമാറിക്കൊണ്ട് "മുകളിൽ നിന്നുള്ള ശബ്ദം" കേൾപ്പിക്കാൻ പ്രതീക്ഷിക്കപ്പെടുന്നു. മാനേജർമാർ 'തുറന്ന വാതിൽ' സമീപനം പുലർത്താനും അഴിമതി സംബന്ധിച്ച ജീവനക്കാരുടെ ആശങ്കകൾ ഉചിതമായി കൈകാര്യം ചെയ്യാനും

എസ്റ്റർലൈന്റെ അജ്ഞാത ഹെൽപ്പ്ലൈൻ പ്രയോജനപ്പെടുത്താനും ഉന്നതതല മാനേജ്മെന്റ് തലത്തുലുള്ളവരുമായി ബന്ധം പുലർത്താനും അവരെ സഹായിക്കേണ്ടതാണ്.

## മേൽനോട്ടം, സ്വയം ഭരണാവകാശം, വിഭവങ്ങൾ

ഓഡിറ്റ് കമ്മിറ്റി ചാർട്ടറിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ, കമ്പനിയുടെ അഴിമതിവിരുദ്ധ പരിപാടിയുടെ മേൽനോട്ടം എസ്റ്റർലൈന്റെ ഡയറക്ടർ ബോർഡ് ഏൽപ്പിച്ചിരിക്കുന്നത് ഓഡിറ്റ് കമ്മിറ്റിയെ ആണ്. എത്തിക്സ് ആൻഡ് ബിസിനസ് കംപ്ലയൻസിന്റെ ജനറൽ കൗൺസിൽ അല്ലെങ്കിൽ പ്രോഗ്രാം മാനേജർക്കാണ് ഈ പരിപാടിയുടെ മൊത്തമായ ചുമതലയും അനുദിന ഉത്തരവാദിത്വവും. അദ്ദേഹം കമ്മിറ്റിക്കു സമർപ്പിക്കുന്ന ത്രൈമാസ റിപ്പോർട്ടിൽ അഴിമതിവിരുദ്ധ നിയമത്തിലെ സംഭവവികാസങ്ങളും കമ്പനിയുടെ ഈ പ്രോഗ്രാം സംബന്ധിച്ചുള്ള സ്റ്റേറ്റസും ഉടലെടുത്തേക്കാവുന്ന ദുഷ്പെരുമാറ്റം സംബന്ധിച്ച ഏതെങ്കിലും കാര്യമായ പ്രശ്നങ്ങളും റിപ്പോർട്ടുകളും ഉണ്ടായിരിക്കണം. ഇതിനു പുറമേ, കമ്പനിയുടെ ഇന്റേണൽ ഓഡിറ്റിന്റെ സീനിയർ ഡയറക്ടർ ഓഡിറ്റ് കമ്മിറ്റിക്ക് നൽകുന്ന ത്രൈമാസ റിപ്പോർട്ടുകളിൽ ഇന്റേണൽ ഓഡിറ്റുകളിലൂടെ കണ്ടെത്തുന്ന ഏതെങ്കിലും അഴിമതി പ്രശ്നങ്ങൾ സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരിക്കണം. കമ്മിറ്റിയാകട്ടെ സമഗ്രമായി ചർച്ചകൾ നടത്തി അതിന്റെ റിപ്പോർട്ട് മുഴു ഡയറക്ടർ ബോർഡിന്റെ മുമ്പാകെ സമർപ്പിക്കണം. അതു കൂടാതെ, ജനറൽ കൗൺസിൽ അല്ലെങ്കിൽ പ്രോഗ്രാം മാനേജർ പ്രസ്തുത പ്രോഗ്രാമിന്റെ ഫലപ്രദത്വം സംബന്ധിച്ചുള്ള ഒരു വാർഷിക റിപ്പോർട്ട് മുഴു ബോർഡിന്റെയും മുമ്പാകെ സമർപ്പിക്കുന്നു. ഈ പ്രോഗ്രാമിന്റെ നടപ്പാക്കലും ഫലപ്രദത്വവും സംബന്ധിച്ചുള്ള കാര്യത്തിൽ സ്വതന്ത്രമായ മേൽനോട്ടം നടത്താൻ ഈ പ്രക്രിയ ബോർഡിനെ പ്രാപ്തമാക്കുന്നു.

പ്രോഗ്രാമിന്റെ അനുദിന പ്രവർത്തനം സംബന്ധിച്ച ചുമതല എസ്റ്റർലൈന്റെ പ്രോഗ്രാം മാനേജർക്കാണ്. ജനറൽ കൗൺസിലിന്റെയും പ്രോഗ്രാം മാനേജരുടെയും അതതു റോളുകൾക്ക് അനുസൃതമായി പിൻവരുന്ന കാര്യങ്ങളിൽ കമ്പനി അവരെ അധികാരപ്പെടുത്തിയിരിക്കുന്നു:

- പ്രോഗ്രാമിനോടു ബന്ധപ്പെട്ട തീരുമാനങ്ങൾ കൈക്കൊള്ളുക
- ഓരോ ബിസിനസ്സ് യൂണിറ്റിലും പ്രോഗ്രാം നടപ്പാക്കുന്ന കാര്യത്തിൽ എക്സിക്യൂട്ടീവ് നേതൃത്വവുമായി യോജിച്ചു പ്രവർത്തിക്കുകയും അതിന്റെ സഹായത്തിനായി വ്യക്തികളെ നിയോഗിക്കുകയും ചെയ്യുക
- ദുഷ്പെരുമാറ്റം സംബന്ധിച്ച അന്വേഷണങ്ങൾക്ക് മേൽനോട്ടം നൽകുക
- ഓഡിറ്റ് കമ്മിറ്റിക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുക
- പ്രോഗ്രാമിന്റെ പ്രവർത്തനത്തിനായി വേണ്ടത്ര വിഭവങ്ങൾ ക്രമീകരിക്കുക

കമ്പനിയുടെ ജനറൽ കൗൺസിൽ, ചീഫ് ഫിനാൻഷ്യൽ ഓഫീസർ, ഇന്റേർണൽ ഓഡിറ്റിന്റെ സീനിയർ ഡയറക്ടർ, പ്രോഗ്രാം മാനേജർ എന്നിവർ ഉൾപ്പെട്ട ഒരു ബിസിനസ് എത്തിക്സ് കമ്മിറ്റി എസ്റ്റർലൈൻ കമ്പനിക്കുണ്ട്. ഈ കമ്മിറ്റി അഴിമതിവിരുദ്ധ പ്രോഗ്രാമിനു വേണ്ട ഭരണപരമായ പിന്തുണയും മേൽനോട്ടവും നൽകുന്നു. ബിസിനസ് എത്തിക്സ് കമ്മിറ്റി ഇടയ്ക്കിടയ്ക്ക് ആവശ്യംപോലെ യോഗങ്ങൾ നടത്താറുണ്ട്. അഴിമതിവിരുദ്ധ പരിപാടിയുടെ നിചസ്ഥിതി ചർച്ച ചെയ്യുക, പ്രസ്തുത പരിപാടിയെ ശക്തിപ്പെടുത്താനുള്ള പുത്തൻ നയങ്ങളും സംരംഭങ്ങളും പരിഗണിക്കുക, അഴിമതിയോട് ബന്ധപ്പെട്ട റിസ്ക്കുകൾ നിയന്ത്രിക്കുക, അല്ലെങ്കിൽ ദുഷ്പെരുമാറ്റം സംബന്ധിച്ച റിപ്പോർട്ടുകൾ കൈകാര്യം ചെയ്യുക എന്നതാണ് അത്തരം യോഗങ്ങളുടെ ഉദ്ദേശ്യം.

പ്രസ്തുത പരിപാടി നടപ്പിലാക്കുന്നതിനും അതിനോടു ബന്ധപ്പെട്ട് നൈതികവും ബിസിനസ്സുപരവുമായ പ്രശ്നങ്ങൾ നേരിടുന്ന ജീവനക്കാർക്ക് സഹായം നൽകുന്നതിനും എസ്റ്റർലൈൻ ഓരോ ബിസിനസ്സ് യൂണിറ്റിലും എത്തിക്സ് അഡ്വൈസേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. എത്തിക്സ് അഡ്വൈസേഴ്സ് ഉയർന്നുവരുന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രശ്നങ്ങൾ ഉചിതമായി കൈകാര്യം ചെയ്യുകയോ പ്രശ്നപരിഹാരത്തിനായി ഉന്നത അധികാരികളെ അക്കാര്യം അറിയിക്കുകയുയോ ചെയ്യുന്നു. ആവശ്യമായി വരുമ്പോൾ, എത്തിക്സ് അഡ്വൈസേഴ്സ് കമ്പനിക്കുള്ളിലെ അന്വേഷണത്തിനുള്ള പ്രാദേശിക റിസോഴ്സ് ആയി വർധിക്കുകയും ചെയ്യുന്നു.

പിൻവരുന്ന കാര്യങ്ങളാൽ എസ്റ്റർലൈൻ മാനേജർമാർ അഴിമതിവിരുദ്ധ പ്രോഗ്രാം പിൻപറ്റുന്നുവെന്ന് ഉറപ്പാക്കുന്നു:

- അതിന്റെ നിയമങ്ങളും നയങ്ങളും അറിഞ്ഞിരിക്കുന്നു
- മാതൃകാപരമായ നടത്തയും നിയമത്തോടുള്ള വിധേയത്വവും പ്രകടമാക്കുന്ന വിധത്തിൽ സംസാരിക്കുകയും പ്രവൃത്തിക്കുകയും ചെയ്യുന്നു
- നീതിനിഷ്ഠമായ നിലവാരങ്ങളോടും അവ അനുസരിക്കുന്നതിനോടും ബന്ധപ്പെട്ട മറ്റ് ജീവനക്കാരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകുന്നു
- റിപ്പോർട്ടുകൾ കൈകാര്യം ചെയ്യലും ഉയർന്ന അധികാരികൾക്ക് റിപ്പോർട്ട് ചെയ്യലും
- ദുഷ്പ്രവർത്തനം സംഭവിക്കുമ്പോൾ, ആവശ്യമായിവരുന്ന പക്ഷം, അച്ചടക്ക നടപടി സ്വീകരിക്കൽ

## ലിഖിത നിലവാരങ്ങൾ

കമ്പനിയുടെ അഴിമതിവിരുദ്ധ പ്രോഗ്രാം സ്ഥാപിക്കുകയും അതിനെ പിന്തുണയ്ക്കുകയും ചെയ്യുന്ന ലിഖിത നിലവാരങ്ങൾ എസ്റ്റർലൈൻ സൂക്ഷിക്കുന്നുണ്ട്. ഈ നിലവാരങ്ങൾ കമ്പനിയുടെ എല്ലാ ഡയറക്ടർമാർക്കും ജീവനക്കാർക്കും ഒരുപോലെ ബാധകമാണ്. എസ്റ്റർലൈൻ പ്രവർത്തിക്കുന്ന വിവിധ പ്രദേശങ്ങളിൽ അവയുടെ പ്രാദേശിക പരിഭാഷകളും ലഭ്യമാണ്. ഈ നിലവാരങ്ങളുടെ പ്രയുക്തത കൂടുതൽ സുഗമമാക്കാൻ കമ്പനിയുടെ ഇൻട്രാനെറ്റിൽ ഒരു കേന്ദ്ര റിപ്പോസിറ്ററിയിൽനിന്ന് അതു ലഭ്യമാക്കുന്നു. എസ്റ്റർലൈന്റെ ലിഖിത നിലവാരങ്ങൾ ഓരോ വർഷവും അവലോകനം ചെയ്ത് വേണ്ട ഭേദഗതികൾ വരുത്തുകയും അവ ഏറ്റവും പുതിയതും വ്യക്തവും സംക്ഷിപ്തവും ലഭ്യവും ആണെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. ആ ലിഖിത നിലവാരങ്ങളിൽ ഏതിനെങ്കിലും മാറ്റം വരുത്തുമ്പോൾ ബന്ധപ്പെട്ട ജീവനക്കാരെ അക്കാര്യം അറിയിക്കുകയും ചെയ്യുന്നു.

എസ്റ്റർലൈന്റെ അഴിമതിവിരുദ്ധ പ്രോഗ്രാമിന്റെ അടിത്തറ കമ്പനിയുടെ കോഡ് ഓഫ് ബിസിനസ് കോണ്ടക്റ്റ് ആൻഡ് എത്തിക്സ് ("കോഡ്") ആണ്. ഇൻട്രാനെറ്റിൽ ഇതു ലഭ്യമാകുന്നതിനു പുറമേ, ഈ പ്രമാണം ഇന്റർനെറ്റുവഴി എസ്റ്റർലൈൻ ജീവനക്കാർക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. എസ്റ്റർലൈൻ ഇടയ്ക്കിടയ്ക്ക് എല്ലാ ഡയറക്ടർമാർക്കും  ജീവനക്കാർക്കും ഈ കോഡ് അയച്ചുകൊടുക്കുന്നു. ഓരോ വ്യക്തിയും അതു വായിച്ചുവെന്നും അതിനു ചേർച്ചയിൽ പ്രവർത്തിക്കുന്നുവെന്നും ഉറപ്പുവരുത്താൻ ഒപ്പുവെച്ച കൈപ്പറ്റൽ രേഖ അവരിൽനിന്നും സ്വീകരിക്കുകയും ചെയ്യുന്നു. ഒരു പുതിയ ഡയറക്ടറെയോ ജീവനക്കാരനെയോ നിയമിക്കുമ്പോൾ ആ വ്യക്തിക്ക് കോഡിന്റെ ഒരു കോപ്പി നൽകുന്ന രീതിയുണ്ട്. എസ്റ്റർലൈനിലെ നിയമനങ്ങൾ ഏറ്റെടുക്കുന്നതിനു മുമ്പായി കൈപ്പറ്റൽ രേഖയിൽ ഒപ്പുവെക്കാനും അവരോട് ആവശ്യപ്പെടുന്നു.

എസ്റ്റർലൈന്റെ ലിഖിത നിലവാരങ്ങളിൽ അഴിമതിവിരുദ്ധ നയവും ബന്ധപ്പെട്ട നടപടിക്രമങ്ങളും ഉൾപ്പെടുന്നു. അവ അഴിമതിവിരുദ്ധ നിയമങ്ങൾ പാലിക്കാനുള്ള ഉത്തരവാദിത്വങ്ങൾ സംബന്ധിച്ച വിവരങ്ങൾ നൽകുന്നു. ഈ ലിഖിത നിലവാരങ്ങൾ ഗുരുതരമായ അഴിമതി റിസ്ക് മേഖലകൾ പ്രതിപാദിക്കുന്നതാണ്. ചുരുങ്ങിയപക്ഷം പിൻവരുന്ന കാര്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു:

- സമ്മാനങ്ങൾ
- ആഥിത്യം, വിനോദം, ചെലവുകൾ
- യാത്ര
- രാഷ്ട്രീയ സംഭാവനകൾ
- ചാരിറ്റികൾക്കുള്ള സംഭാവനകളും സ്പോൺസറിങ്ങും
- സഹായമായി നൽകുന്ന തുകകൾ
- ആവശ്യപ്പെടലും പിടിച്ചുപറിയും

എസ്റ്റർലൈന്റെ അഴിമതിവിരുദ്ധ നയം എല്ലാ ഡയറക്ടർമാർക്കും ബന്ധപ്പെട്ട ജീവനക്കാർക്കും നൽകുന്നു. പോളിസി കൈപ്പറ്റുകയും അതു പരിശോധിക്കുകയും ചെയ്തുവെന്നും അതു ബാധകമാക്കുന്ന കാര്യത്തിൽ പ്രതിബദ്ധത കാണിക്കുമെന്നും ഉറപ്പു നൽകുന്ന രേഖയിൽ ഒപ്പുവെക്കാൻ അവരോട് ആവശ്യപ്പെടുകയും ചെയ്യുന്നു.

### പരിശീലനവും മാർഗനിർദേശവും

എസ്റ്റർലൈൻ അതിന്റെ എല്ലാ ഡയറക്ടർമാർക്കും ജീവനക്കാർക്കുമായി നിർബന്ധതമായി യഥാകാലങ്ങളിൽ അഴിമതി വിരുദ്ധ പരിശീലനം നടത്താറുണ്ട്. നേതൃസ്ഥാനങ്ങളിലുള്ള ജീവനക്കാർക്ക്, വിൽപ്പനയോ വാങ്ങളോ പോലുള്ള പ്രത്യേക റോളുകൾ വഹിക്കുന്നവർക്ക്, അവരുടെ തൊഴിൽ ഉത്തരവാദിത്തങ്ങളിലുള്ള റിസ്കുകളിലും ചുമതലകളിലും അടിസ്ഥാനമാക്കി കൂടുതലായ, നിയതമായ പരിശീലനം നൽകുന്നു. ഒരു റിസ്കിനെ വിലയിരുത്തുന്നതിന്റെ ഫലമായി ഒരു ആവശ്യം തിരിച്ചറിയുന്ന സാഹചര്യത്തിൽ കൂടുതലായ പരിശീലനം ആവശ്യമായി വന്നേക്കാം. അഴിമതിവിരുദ്ധ പരിശീലനം പ്രാദേശിക ഭാഷയിലായിരിക്കുക നൽകുക. കൂടാതെ അതു പൂർത്തിയാക്കുമ്പോൾ ഒരു ടെസ്റ്റ് ഉണ്ടാകും. അതിൽ വിജയിക്കുന്നവർക്ക് സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്. പുതിയ ജീവനക്കാർ അഴിമതിവിരുദ്ധ പരിശീലനവും സർട്ടിഫിക്കേഷൻ പ്രക്രിയയും പൂർത്തിയാക്കേണ്ടതുണ്ട്. എസ്റ്റർലൈന്റെ ഡയറക്ടർമാർക്കും യഥാകാലങ്ങളിൽ ധാർമിക നിലവാരങ്ങളും അവ ബാധകമാക്കുന്നതും സംബന്ധിച്ച പരിശീലനം ലഭിക്കും. അഴിമതിവിരുദ്ധ ഘടകങ്ങൾ സംബന്ധിച്ച പ്രത്യേകമായ പരിശീലനം അതിൽ ഉൾപ്പെടുന്നു.

### ആന്തരിക നിയന്ത്രണങ്ങൾ

### റിസ്ക് വിലയിരുത്തൽ

കമ്പനിക്കുള്ളിലെ നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി എസ്റ്റർലൈൻ ഇടയ്ക്ക് ഒരു അഴിമതിവിരുദ്ധ റിസ്ക് വിലയിരുത്തൽ നടത്താറുണ്ട്. റിസ്കിൽ അധിഷ്ഠിതമായ അഴിമതിവിരുദ്ധ പരിപാടി ഉറപ്പാക്കുക എന്നതാണ് അതിന്റെ ലക്ഷ്യം:

- കമ്പനിയുടെ ലൊക്കേഷനുകൾ
- എസ്റ്റർലൈൻ ഉപഭോക്താക്കളുടെ ലൊക്കേഷനുകൾ
- സർക്കാർ ഉദ്യോഗസ്ഥരുമായുള്ള ഇടപെടൽ
- പ്രവർത്തനത്തിനുള്ള വ്യാവസായിക മേഖലകൾ

- കാര്യമായ ബിസിനസ് അവസരങ്ങളും പരിപാടികളും
- സംയുക്ത സംരംഭങ്ങൾ ക്രമീകരിക്കുന്നതിലെ പങ്കാളിത്തം
- ലൈസൻസുകളുടെയും പെർമിറ്റുകളുടെയും പ്രാധാന്യം
- സർക്കാരിന്റെ മേൽനോട്ടത്തിന്റെയും പരിശോധനയുടെയും അളവ്
- ചരക്കുകളുടെയും ആളുകളുടെയും  കാര്യത്തിൽ കസ്റ്റംസ് – ഇമിഗ്രേഷൻ ക്ലിയറിങ്ങിന്റെ അളവും പ്രാധാന്യവും

എസ്റ്റർലൈന്റെ ജനറൽ കൗൺസിൽ അല്ലെങ്കിൽ പ്രോഗ്രാം മാനേജർ റിസ്ക് അസസ്സ്മെന്റിന്റെ ഫലങ്ങൾ ബിസിനസ് എത്തിക്സ് കമ്മിറ്റിക്കും ഓഡിറ്റ് കമ്മിറ്റിക്കും സമർപ്പിക്കുന്നു. അഴിമതിവിരുദ്ധ പ്രോഗ്രാം പരിഷ്കരിക്കുന്നതിനും ആവശ്യമായിരിക്കുന്നപക്ഷം തിരിച്ചറിഞ്ഞിരിക്കുന്ന റിസ്ക്കുകൾ കൈകാര്യം ചെയ്യാനും അത്തരം ഫലങ്ങൾ ഉപയോഗിക്കുന്നു.

### നിരീക്ഷണം

ബിസിനസ് ഉപചാരങ്ങളുടെ കൈമാറ്റം നിരീക്ഷിക്കാൻ ഉദ്ദേശിച്ചിട്ടുള്ള വ്യവസ്ഥാപിത പ്രോഗ്രാമുകൾ എസ്റ്റർലൈന്റെ ബിസിനസ് യൂണിറ്റുകൾക്ക് ഉണ്ട്. ബിസിനസ്സ് ഉപചാരങ്ങൾക്കും ബിസിനസ്സ് യാത്രകൾക്കുമുള്ള ചെലവുകൾ റീഇംബേഴ്സമെന്റായി സമർപ്പിക്കുമ്പോൾ ഫൈനാൻസ് കൈകാര്യം ചെയ്യുന്ന സ്റ്റാഫ് അതിനെ നിരീക്ഷണവിധേയമാക്കുന്നു. എസ്റ്റർലൈൻ നയത്തിലെ വ്യവസ്ഥകൾക്കു നിരക്കാത്ത വിധത്തിൽ വെൻഡർമാർ, ഉപഭോക്താക്കൾ, അല്ലെങ്കിൽ മറ്റുള്ളവർ എന്നിവരിൽനിന്ന് ലഭിക്കുന്ന ഉപചാരങ്ങൾ ആദരവോടെതന്നെ തിരികെ നൽകുകയോ കമ്പനിയുടെ ലേലത്തിൽ വിൽക്കുകയോ ചാരിറ്റികൾക്കുള്ള സംഭാവനയുടെ കൂട്ടത്തിൽ പെടുത്തുകയോ ചെയ്യും.

### ഓഡിറ്റിങ്

എസ്റ്റർലൈനിലെ ആഭ്യന്തര ഓഡിറ്റിങ് വിഭാഗം സ്ഥാപനത്തിന്റെ മൊത്തം കണക്കുകളും യഥാസമയം പരിശോധിക്കും. ഈ പരിശോധനാ വാർഷികമായി നടത്തുന്ന ഒരു സ്വതന്ത്ര റിസ്ക് വിലയിരുത്തലിനെ അധികരിച്ചുള്ളത് ആയിരിക്കും. അതിന്റെ വ്യാപ്തിയിൽ ചുരുങ്ങിയപക്ഷം എസ്റ്റർലൈൻ അഴിമതിവിരുദ്ധ പോളിസിയും അനുബന്ധ നടപടിക്രമങ്ങളും ഉൾപ്പെട്ടിരിക്കും. ആഭ്യന്തര ഓഡിറ്റിന്റെ ടെസ്റ്റിങ്ങിൽ കൺട്രോൾ ഉടമകൾക്കു നൽകുന്ന സമഗ്ര വിശദീകരണം, ഇടപാട് സംബന്ധിച്ച ടെസ്റ്റിംഗ്, പ്രധാന ജീവനക്കാരുമായുള്ള അഭിമുഖം എന്നിവ ഉൾപ്പെട്ടിരിക്കും. ഓഡിറ്റിന്റെ ഫലങ്ങൾ പ്രാദേശിക, പ്ലാറ്റ്ഫോം, സെഗ്മെന്റ് ടീമുകൾക്കും കോർപ്പറേറ്റ് മാനേജ്മെന്റ് ടീമുകൾക്കും അതുപോലെ ഓഡിറ്റ് കമ്മിറ്റിക്കും നൽകുന്നതായിരിക്കും.

### മാർക്കറ്റിങ് – സെയിൽസ് ബന്ധങ്ങൾ

എല്ലാ സെയിൽസ് പ്രതിനിധികൾക്കും സെയിൽസ് / മാർക്കറ്റിംഗ് ഉപദേശകർ, വിതരണക്കാർ, എസ്റ്റർലൈനെ പ്രതിനിധാനം ചെയ്യുകയോ എസ്റ്റർലൈൻ ഉൽപ്പന്നങ്ങളുടെ വില്പനയ്ക്ക് ചാനൽ ഒരുക്കുകയോ ചെയ്യുന്ന, പൊതുവേ സെയിൽസ് ഏജന്റുമാർ എന്നു വിളിക്കുന്ന, തേർഡ് പാർട്ടികൾ എന്നിവർക്കും ബാധകമാകുന്നതാണ് എസ്റ്റർലൈനിന്റെ സെയിൽസ് ഏജന്റ് കോഡ് ഓഫ് കോണ്ടക്റ്റ്. ഇതിൽ അഴിമതിയെ ചെറുക്കുന്ന കാര്യത്തിൽ കമ്പനിക്കുള്ള പ്രതിബദ്ധത ഉൾപ്പെട്ടിരിക്കുന്നു. സെയിൽസ് ഏജന്റുമാർ വീണ്ടും നിയമിക്കപ്പെടുമ്പോൾ സെയിൽസ് ഏജന്റ് കോഡ് അംഗീകരിക്കാൻ കമ്പനി ആവശ്യപ്പെടുന്നു. അതിനായി ഒരു നിശ്ചിത കാലയളവിനുള്ളിൽ റീസെർട്ടിഫിക്കേഷനും ആവശ്യമാണ്.

സെയിൽസ് ഏജന്റുമാരെ വീണ്ടും നിയമിക്കുമ്പോൾ കമ്പനി വളരെ ജാഗ്രത കാണിക്കുന്നു. അതിന്റെ സ്വഭാവവും വ്യാപ്തിയും പല ഘടകങ്ങളെ

ആശ്രയിച്ചിരിക്കും. വ്യക്തിയുടെ ഐഡന്റിറ്റി, വ്യവസായം, ഭൂമിശാസ്ത്ര ലൊക്കേഷൻ, വലിപ്പം, എസ്റ്റർലൈനുമായി ആ വ്യക്തിക്കുള്ള ഇടപാട്, നിർദിഷ്ട നഷ്ടപരിഹാര രീതി, അതിന്റെ തുക എന്നിവയെല്ലാം അതിൽ ഉൾപ്പെട്ടിരിക്കുന്നു. അത്തരം സാഹചര്യങ്ങളിൽ, ബാധകമായ എല്ലാ കരാറുകളിലും അംഗീകരിക്കപ്പെട്ടിരിക്കുന്ന അഴിമതിവിരുദ്ധ പ്രയോഗങ്ങൾ ഉൾപ്പെടുത്തുന്നു.

തിരഞ്ഞെടുത്ത സെയിൽസ് ഏജന്റുമാർക്ക് എസ്റ്റർലൈൻ അഴിമതിവിരുദ്ധ പരിശീലനം നിഷ്കർഷിക്കുന്നു. ഇത് അവരുടെ വ്യക്തിഗത പങ്കിനെയും വിവിധ റിസ്ക് അവലോകന ഫലങ്ങളെയും അടിസ്ഥാനമാക്കിയുള്ളതാണ്. ഇങ്ങനെ നൽകുന്ന ഏത് പരിശീലനവും ഏജന്റുമാർ നിയമിക്കപ്പെടുമ്പോഴും അതിനുശേഷമുള്ള നിയത കാലയളവുകളിലും ആയിരിക്കും. എല്ലാ പരിശീലനവും പ്രാദേശിക ഭാഷയിൽ ആയിരിക്കും. അതിൽ ഒരു പരീക്ഷ ഉൾപ്പെട്ടിരിക്കുന്നു, കൂടാതെ പരിശീലനം പൂർത്തിയാക്കുമ്പോൾ ഒരു സർട്ടിഫിക്കറ്റും ലഭിക്കുന്നതാണ്.

### നിരീക്ഷണം

സെയിൽസ് ഏജന്റുമാരുടെ പെരുമാറ്റം നിരീക്ഷിക്കുന്നത് ബിസിനസ് യൂണിറ്റ് മാനേജർമാർ ആയിരിക്കും. ജാഗ്രതാ വ്യവസ്ഥകൾ പൂർത്തിയാക്കിയിട്ടുണ്ടെന്നും അഴിമതിവിരുദ്ധ നിയമങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അവർ ഉറപ്പുവരുത്തുന്നു. ഈ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുവെന്ന് കോൺട്രാക്റ്റ് അഡ്മിനിസ്ട്രേറ്റർമാർ ഉറപ്പാക്കുന്നു. സെയിൽസ് ഏജന്റ് ഫീസും ചെലവുകളും നിരീക്ഷിക്കുന്നത് ഫൈനാൻസ് ജീവനക്കാർ ആയിരിക്കും.

### ഓഡിറ്റിങ്

എസ്റ്റർലൈന്റെ വ്യവസ്ഥാപിത ഉടമ്പടി വ്യവസ്ഥകളിൽ സെയിൽസ് ഏജന്റുമാരുടെ ബുക്കുകളും രേഖകളും കമ്പനിക്ക് ഓഡിറ്റ് ചെയ്യാനുള്ള അവകാശങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

## ഏറ്റെടുക്കൽ നടത്തുന്നതിനു മുമ്പുള്ള ജാഗ്രതയും അതിനു ശേഷമുള്ള ഏകീകരണവും

കമ്പനികളെ ഏറ്റെടുക്കുമ്പോൾ, എസ്റ്റർലൈൻ ജാഗ്രതയോടെ അഴിമതിവിരുദ്ധ പരിശോധന നടത്തുന്നു. ഏറ്റെടുത്തശേഷം, എസ്റ്റർലൈൻ അതിന്റെ ആഭ്യന്തര നിയന്ത്രണങ്ങളും അതിന്റെ അഴിമതിവിരുദ്ധ പ്രോഗ്രാമും ഉൾപ്പെടെയുള്ള കോർപ്പറേറ്റ് നയങ്ങൾ നടപ്പിലാക്കുന്നു. ഇതിൽ കമ്പനിയുടെ ലിഖിത നിലവാരങ്ങൾ ബാധകമാക്കുന്നതും പരിശീലനം നൽകുന്നതും സർട്ടിഫൈ ചെയ്യുന്നതും മറ്റും ഉൾപ്പെടുന്നു. ആവശ്യമെന്നു തോന്നുമ്പോൾ, എസ്റ്റർലൈൻ പുതുതായി ഏറ്റെടുത്ത എല്ലാ ബിസിനസ് സംരംഭങ്ങളുടെയും കാര്യത്തിൽ ഒരു അഴിമതിവിരുദ്ധ ഓഡിറ്റ് അല്ലെങ്കിൽ റിസ്ക് വിലയിരുത്തൽ നടത്തും.

## രഹസ്യാത്മക റിപ്പോർട്ടിങ്ങും കമ്പനിക്കുള്ളിലെ അന്വേഷണവും

ഒരു തേർഡ് പാർട്ടി നിയന്ത്രിക്കുന്ന ഒരു എത്തിക്സ് ആൻഡ് കംപ്ലയൻസ് ഹെൽപ്‌ലൈൻ എസ്റ്റർലൈന് ഉണ്ട്. ദിവസം 24 മണിക്കൂറും ആഴ്ചയിൽ ഏഴു ദിവസവും പ്രവർത്തിക്കുന്ന ഈ ഹെൽപ്പ്‌ലൈൻ ഉപയോഗിച്ചുകൊണ്ട് ജീവനക്കാർക്കും തേർഡ് പാർട്ടികൾക്കും ഒരുപോലെ ചോദ്യങ്ങൾ ഉന്നയിക്കാനും റിപ്പോർട്ടുകൾ നൽകാനും സാധിക്കും. നീതിയുക്തമായ തത്ത്വങ്ങളും അവ ബാധകമാക്കുന്നതും സംബന്ധിച്ചുള്ള ജീവനക്കാരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും ദുഷ്പെരുമാറ്റം സംബന്ധിച്ച നേരിട്ടുള്ള റിപ്പോർട്ടുകൾ കൈകാര്യം ചെയ്യാനും കമ്പനിയുടെ എത്തിക്സ് ഉപദേഷ്ടാക്കളും ലഭ്യരാണ്.

ദുഷ്പെരുമാറ്റം സംബന്ധിച്ച റിപ്പോർട്ടുകളോടുള്ള പ്രതികരണമായുള്ള ഫലപ്രദവും ആശ്രയയോഗ്യവും ഉതിചമായ സാമ്പത്തിക വിനിയോഗമുള്ള അന്വേഷണങ്ങൾ എസ്റ്റർലൈൻ നടത്താറുണ്ട്. ആന്തരിക അന്വേഷണങ്ങൾ ജനറൽ കൗൺസിൽ നിയമിക്കുന്ന പുറത്തുനിന്നുള്ള, നിഷ്പക്ഷമതിയായ ഒരു അന്വേഷകൻ ആയിരിക്കും നിർവഹിക്കുക.

## ആനുകൂല്യങ്ങളും അച്ചടക്ക നടപടിക്രമങ്ങളും

കോഡ് ഓഫ് ബിസിനസ് കോണ്ടക്റ്റ് ആൻഡ് എത്തിക്സിന്റെയും അഴിമതിവിരുദ്ധ നയത്തിന്റെയും ലംഘനങ്ങൾ കൈകാര്യം ചെയ്യാനുള്ള അച്ചടക്ക നടപടിക്രമങ്ങൾ എസ്റ്റർലൈന് ഉണ്ട്. ദുഷ്പെരുമാറ്റം കണ്ടെത്തുമ്പോൾ, ഉണ്ടായ ഹാനി പരിഹരിക്കാനും കൂടുതലായ ദുഷ്പെരുമാറ്റം തടയാനും അത് ന്യായമായ നടപടി സ്വീകരിക്കുന്നതാണ്.